**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് എ.ഐ.സി.ടി.ഇ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടും ഇതുവരെ എ.ഐ.സി.ടി.ഇ അംഗീകാരം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എ.ഐ.സി.ടി.ഇ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് എ.എെ.സി.ടി.ഇ അംഗീകാരം ലഭ്യമായിട്ടില്ല. എ.എെ.സി.ടി.ഇ അംഗീകാരം ലഭ്യമാക്കുന്നതിനായി നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. അംഗീകാരം ലഭ്യമായാൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ കഴിയും |
| (ബി) | പുതിയ കോഴ്സുകൾ അനുവദിക്കാനും പുതിയ തസ്തിക സൃഷ്ടിച്ച് അധ്യയനം ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ സിവിൽ എഞ്ചിനീയറിംഗ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് , ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകൾ തുടങ്ങുന്നതിന് എ.എെ.സി.ടി.ഇ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥാപനത്തിൻെറ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന ബ്രാഞ്ചുകൾക്കു ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ